അംഗനവാടികൾ

246 (1671) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യങ്ങളില്ലാതെയും വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്ന അംഗനവാടികളുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) അംഗനവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) അംഗനവാടികൾക്ക് പ്രവർത്തിക്കാൻ സ്ഥലം അനുവദിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) അംഗനവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. സ്വന്തമായി സ്ഥലമുള്ള എല്ലാ അംഗനവാടികൾക്കും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. അംഗനവാടികൾ upgrade ചെയ്യുന്നതിന് ഒരു ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അംഗനവാടികൾ upgrade ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

3. അംഗനവാടികളിൽ കുടിവെള്ളം, ടോയ് ലറ്റ് സൗകര്യം, ഇലക്ട്രിസിറ്റി, ചുറ്റുമതിൽ, എന്നിവ നിർമ്മിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പ്രോജക്ടുകളിലൂടെ തുക വകയിരുത്തി പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നു.

(സി) അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ഒന്നും തന്നെ സാമൂഹ്യനീതി വകുപ്പിന് കീഴിൽ നിലവിലില്ല. പുറമ്പോക്ക് ഭൂമി, മറ്റ് സർക്കാർ ഭൂമികൾ എന്നിവ അംഗനവാടി കെട്ടിടം നിർമ്മിക്കുന്നതിന് ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ നിലവിലില്ല. എന്നാൽ ഭൂമി കൈമാറ്റം ചെയ്യുന്നതിൽ വളരെയേറെ കാലതാമസം നേരിടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly